"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - വയനാട് ജില്ലയിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. സുനിത മാമ്പള്ളി, വെണ്ണിയോട് (EPIP Id 33032) എന്നവർക്ക് മൈക്രോപ്ലാൻ പ്രകാരം സുരക്ഷിതമായ വാസസ്ഥലം അനുവദിക്കുന്നതിനായി വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനു കോട്ടത്തറ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി -ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2550/2025/LSGD തീയതി,തിരുവനന്തപുരം, 22-10-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
3. കോട്ടത്തറ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 25.02.2025-ലെ 3/1 നമ്പർ തീരുമാനം.
4. വയനാട് ജില്ലാ കളക്ടറുടെ 16.10.2025-ലെ DCWYD/5686/2023-L8 നമ്പർ സാക്ഷ്യപത്രം.
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.09.2025, 17.10.2025 തീയതികളിലെ LSGD/PD/27676/2025-SPMC1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ അതിദരിദ്ര ലിസ്റ്റിൽ പരാമർശം (3) പ്രകാരം ഉൾപ്പെട്ട ശ്രീമതി.സുനിത മാമ്പള്ളി, വെണ്ണിയോട് (EPIP Id 33032) എന്നവർക്ക് കോട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 363/35 പ്രകാരം സ്വന്തമായി 12 സെന്റ് സ്ഥലമുണ്ടെന്നും എന്നാൽ ടി സ്ഥലം പുഴയോട് ചേർന്നുള്ളതാണെന്നും പ്രളയ ബാധിത

പ്രദേശമാണെന്നും താമസ യോഗ്യമല്ലെന്നും പ്രസ്തുത സ്ഥലത്ത് താമസിക്കുവാൻ സാധിക്കാത്തതിനാൽ ടിയാളും ഭിന്നശേഷിക്കാരിയായ മകൾ അടങ്ങുന്ന കുടുംബവും വാടകക്ക് മറ്റൊരിടത്താണ് താമസിച്ച് വരുന്നത് എന്നും ആയതിനാൽ ടി കുടുംബത്തെ ഭൂരഹിതരായി കണക്കാക്കി വീടും സ്ഥലവും അനുവദിക്കണമെന്ന് കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ടിയാൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ശ്രീമതി. സുനിത മാമ്പള്ളി, വെണ്ണിയോട് എന്നവർ കോട്ടത്തറ വില്ലേജിൽ 7282 നമ്പർ തണ്ടപ്പേരിൽ ബ്ലോക്ക് 9 റീസർവേ 363/35 ൽ 0.0486 ഹെക്ടർ ഭൂമി കൈവശം വച്ചു വരുന്നുണ്ടെന്നും, ടി ഭൂമി കോട്ടത്തറ വലിയപുഴയുടെ തീരത്താണെന്നും അടിക്കടി വെള്ളപ്പൊക്കമുണ്ടാകുന്നതിനാൽ വെള്ളം കയറുന്ന വസ്തുവാണെന്നും വാസയോഗ്യമല്ലായെന്നും വയനാട് ജില്ലാ കളക്ടറും പരാമർശം (4) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

6. ഈ സാഹചര്യത്തിൽ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ശ്രീമതി. സുനിത മാമ്പള്ളി എന്ന ഗുണഭോക്താവിന് നിലവിൽ കൈവശമുള്ള ഭൂമി വാസ യോഗ്യമല്ലാത്തതിനാലും ശ്രീമതി. സുനിത മാമ്പള്ളി-യും ഭിന്നശേഷിക്കാരിയായ മകളും അടങ്ങുന്ന കുടുംബത്തിന്റെ സുരക്ഷയും പരിഗണിച്ചു കൊണ്ട് ടി ഗുണഭോക്താവിന് സുരക്ഷിതമായ വാസസ്ഥലം അനുവദിക്കുന്നതിനായി വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള അനുമതി കോട്ടത്തറ ഗ്രാമപഞ്ചായത്തിന് നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. സുനിത മാമ്പള്ളി, വെണ്ണിയോട് (EPIP Id 33032) എന്നവർക്ക് കോട്ടത്തറ വില്ലേജിൽ നിലവിലുള്ള ഭൂമി കോട്ടത്തറ വലിയപുഴയുടെ തീരത്താണെന്നും അടിക്കടി വെള്ളപ്പൊക്കമുണ്ടാകുന്നതിനാൽ വെള്ളം കയറുന്ന വസ്തുവാണെന്നും വാസയോഗ്യമല്ലായെന്നും വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, മൈക്രോപ്ലാൻ പ്രകാരം സുരക്ഷിതമായ വാസസ്ഥലം അനുവദിക്കുന്നതിനായി വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക ഉപയോഗിച്ച് നിലവിലെ കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പ്രകാരം വീട് നിർമ്മാണത്തിന് പര്യാപ്തമായ അളവിലുള്ള ഭൂമി വാങ്ങി ടി ഗുണഭോക്താവിന് നല്കുന്നതിന് കോട്ടത്തറ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കോട്ടത്തറ ഗ്രാമ പഞ്ചായത്ത്, വയനാട്. (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
ജില്ലാകളക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/314/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 22-10-2025 14:58:35

സെക്ഷൻ ഓഫീസർ